# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3528** **12.05.2017-ൽ മറുപടിയ്ക്ക്**

## ഗുണമേന്മയുള്ള ചെമ്മീൻ വിത്ത്

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കേരളത്തിൽ ഗുണമേന്മയുള്ള ചെമ്മീൻ വിത്ത് കിട്ടാനില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) അഡാക്ക്' പരിശോധന നടത്തി രോഗവിമുക്തമാണെന്ന് സർട്ടിഫിക്കറ്റ് നൽകിയ വിത്തുകൾ, മംഗലാപുരം ഫിഷറീസ് കോളേജിലും പനങ്ങാട് ഫിഷറീസ് യൂണിവേഴ്സിറ്റിയിലും പരിശോധന നടത്തിയപ്പോൾ രോഗബാധിതമാണെന്ന് റിപ്പോർട്ട് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രോഗവിമുക്തമായ വിത്ത് കർഷകർക്ക് നൽകാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; | ബി) ഉണ്ട്. Random Sampling ടെക്നിക്ക് പ്രയോജനപ്പെടുത്തിയാണ് ഇതിനായി സാമ്പിൾ ശേഖരിക്കുന്നത്. അഡാക്കിന്റെ പി.സി.ആർ. ലാബുകളിൽ പരിശോധിച്ച് രോഗബാധിതമല്ലായെന്ന് ഉറപ്പു വരുത്തിയശേഷമാണ് ചെമ്മീൻ വിത്തുകൾ കർഷകർക്ക് നൽകി വരുന്നത്. |
| സി) 2013-ലെ കേരള മത്സ്യ വിത്ത് നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് സീഡ് സെന്ററുകളും പ്രാദേശിക സീഡ് സെന്ററുകളും സ്ഥാപിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | സി) സ്റ്റേറ്റ് സീഡ് സെന്ററുകളും പ്രാദേശിക സീഡ് സെന്ററുകളും സ്ഥാപിക്കുന്നതിനുള്ള കരട് വിജ്ഞാപനം സർക്കാർ പരിശോധിച്ച് വരുന്നു. |
| ഡി) 2010-ലെ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന-ജില്ലാ ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | ഡി) 2010 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് പ്രകാരം രൂപീകരിച്ച 38-ാം ചട്ട പ്രകാരവും സംസ്ഥാനതലത്തിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതിയും ജില്ലാതലത്തിൽ ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് ഉപദേശകസമിതിയും രൂപീകരിക്കുന്നതിനുള്ള കരട് വിജ്ഞാപനങ്ങൾ ലഭ്യമാക്കാൻ ഫിഷറീസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഇ) | കണ്ണൂരിൽ 'സിബ' (CIBA)യുമായി ചേർന്ന് മത്സ്യഫെഡ് ഒരു ചെമ്മീൻ/മത്സ്യത്തീറ്റ നിർമ്മാണശാല ആരംഭിക്കുന്നതിന് എം.ഒ.യു. ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ ഇത് പ്രാവർത്തികമാക്കാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് അറിയിക്കാമോ? | ഇ) | കണ്ണൂരിൽ CIBA യുടെ സാങ്കേതിക സഹകരണത്തോടെ മത്സ്യത്തീറ്റ ഫാക്ടറി ആരംഭിക്കുന്നതിന് മത്സ്യഫെഡുമായി CIBA MOU ഒപ്പിട്ടു ണ്ട്. എന്നാൽ പ്രസ്തുത മത്സ്യത്തീറ്റ ഫാക്ടറി തൃശ്ശൂർ ജില്ലയിൽ പൊയ്യയിൽ സ്ഥാപിക്കുന്നതിനാണ് സർക്കാർ ഭരണാനുമതി നൽകിയിരുന്നത്. കണ്ണൂരിൽ മാപ്പിള ബേയിൽ പ്രസ്തുത തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ